**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**

Department of Technical Education, Govt. of Kerala
**HMT Junction, Kalamassery, Kochi – 683 104**

*E-mail: sitttr@gmail.com, jd_cdc@yahoo.com*
*Phone & Fax: 0484 2542355* web: www.sitttrkerala.ac.in

150 YEARS OF CELEBRATING THE MAHATMA

No.P3/1963/2022 04.08.2022

# ലാറ്ററൽ എൻട്രി കൗൺസിലിംഗ് - നിർദ്ദേശങ്ങൾ

1. റാങ്ക് ലിസ്റ്റിൽ പേരുള്ള ആർക്കും ജില്ലാതല കൗൺസിലിങ്ങിൽ പങ്കെടുക്കാവുന്നതാണ്
2. കൗൺസിലിംഗ് ജില്ലാതലത്തിൽ നോഡൽ പോളിടെക്നിക് കോളേജിൽ വെച്ച് നടത്തുന്നതാണ്. കൗൺസിലിംഗിനു വേണ്ടി പ്രത്യേകം രജിസ്റ്റർ ചെയ്യാത്തവരെ പങ്കെടുപ്പിക്കുന്നതല്ല.
3. അപേക്ഷകർക്ക് 05/08/2022 മുതൽ 08/08/2022 വരെ അഡ്മിഷൻ പോർട്ടലിലെ "Counselling Registration" എന്ന ലിങ്ക് വഴി കൗൺസിലിംഗിനു വേണ്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്
4. അപേക്ഷകന് പരമാവധി മൂന്ന് ജില്ലകളിലേക്ക് മാത്രമേ ഒരേസമയം കൗൺസിലിംഗിനു വേണ്ടി രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ ആയതിനാൽ അപേക്ഷകന് സൗകര്യപ്രദമായ ജില്ലകൾ അഡ്മിഷൻ പോർട്ടലിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന കൗൺസിലിംഗ് ഷെഡ്യൂൾ നോക്കി തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്
5. ആപ്ലിക്കേഷൻ നമ്പർ, രജിസ്ട്രേഷൻ നമ്പർ, മൊബൈൽ നമ്പർ ഇവയിൽ ഏതെങ്കിലും ഒരെണ്ണവും ജനനതീയതിയും നൽകി കൗൺസിലിംഗിനു വേണ്ടിയുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്. ഓരോ ജില്ലയിലേക്കും പ്രത്യേകം രജിസ്ട്രേഷൻ നടത്തേണ്ടതാണ്.
6. കൗൺസിലിംഗ് സമയത്ത് അപേക്ഷകന് അപ്പോൾ ലഭ്യമായ കോളേജും ബ്രാഞ്ചും സ്വീകാര്യമെങ്കിൽ മുഴുവൻ ഫീസടച്ച് അഡ്മിഷൻ എടുക്കാവുന്നതാണ്. ഫീസടച്ച് അഡ്മിഷൻ എടുക്കാത്ത അപേക്ഷകന്റെ അഡ്മിഷൻ റദ്ദാക്കപ്പെടുന്നതും തൊട്ടടുത്ത അപേക്ഷകന് നൽകുന്നതുമായിരിക്കും.
7. അപേക്ഷകന് ടി സി ഹാജരാക്കുവാൻ സമയം അനുവദിക്കുന്നതാണ്.
8. കൗൺസിലിംഗിനു ഹാജരാകേണ്ട സമയക്രമം അഡ്മിഷൻ പോർട്ടലിൽ 08/08/2022ന് ലഭ്യമാകുന്നതാണ്. പോർട്ടലിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് ബന്ധപ്പെട്ട നോഡൽ പോളിടെക്നിക് കോളേജിൽ ഹാജരാകേണ്ടതാണ്. സമയക്രമത്തിൽ ഒരു മാറ്റവും അനുവദിക്കുന്നതല്ല.
9. ഒന്നിൽ കൂടുതൽ ജില്ലകളിൽ ഒരേ സമയം പങ്കെടുക്കാനാഗ്രഹിക്കുന്നവർ നിശ്ചിത മാതൃകയിലുള്ള പ്രോക്സി ഫോം (അപേക്ഷകനും രക്ഷിതാവും ഒപ്പിട്ടത് ) ഹാജരാക്കേണ്ടതാണ്.
10. ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അഡ്മിഷനു വേണ്ടി അപേക്ഷകൻ നിർദേശിക്കുന്ന പ്രോക്സിയാണ് ഹാജരാകുന്നതെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ (അപേക്ഷകൻ സാക്ഷ്യപ്പെടുത്തിയത് ) സഹിതം ഹാജരാകേണ്ടതാണ്. എന്നാൽ അപേക്ഷകൻ ഹാജരാകുന്ന ജില്ലയിൽ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
11. ഒരു അപേക്ഷകൻ ഒന്നിൽ കൂടുതൽ ജില്ലയിൽ അഡ്മിഷൻ നേടിയാൽ അവസാനം നേടിയ അഡ്മിഷൻ മാത്രമേ നിലനിൽക്കുകയുള്ളൂ അതിനുമുൻപ് നേടിയ അഡ്മിഷൻ സ്വമേധയാ റദ്ദാകുന്നതാണ്. ആയതിനാൽ ഒന്നിൽകൂടുതൽ ജില്ലകളിൽ പങ്കെടുക്കുന്നവർ അവരുടെ അഡ്മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.
12. അപേക്ഷാ ഫോറത്തിൽ പ്രതിപാദിക്കാത്ത അവകാശങ്ങൾ കൗൺസിലിംഗ് സമയത്ത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
13. ഏതെങ്കിലും കാരണവശാൽ കൗൺസിലിംഗ് രജിസ്ട്രേഷന് ബുദ്ധിമുട്ട് നേരിടുന്ന അപേക്ഷകർക്ക് തൊട്ടടുത്തുള്ള ഗവ/എയിഡഡ്/ IHRD പോളിടെക്നിക് കോളേജിലെ ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. സ്ഥാപന മേധാവികൾ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

JOINT DIRECTOR
STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH
HMT JUNCTION, KALAMASSERY
PIN - 683 104

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY
GOVERNMENT OF KERALA
DEPT. OF TECHNICAL EDUCATION